തകർന്ന പി.ഡബ്ല്യൂ.ഡി. റോഡുകൾ നന്നാക്കാൻ സ്വീകരിച്ച നടപടികൾ

208 (805) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തകർന്ന പി.ഡബ്ല്യൂ.ഡി. റോഡുകൾ അടിയന്തരമായി റിപ്പയർ ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട് ;

(സി) മണ്ഡലാടിസ്ഥാനത്തിൽ തകർന്ന റോഡുകൾ റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) റിപ്പയർ ജോലികൾ 2011 ജനുവരി 31-ന് മുമ്പ് പൂർത്തീകരിക്കാൻ സാധിക്കുമോ ;

(ഇ) ഇതിനായി ധനകാര്യ വകുപ്പ് ജില്ലാടിസ്ഥാനത്തിൽ അനുവദിച്ച തുകയുടെ വിശദാംശം നൽകുമോ ; തുക പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) സംസ്ഥാന റോഡുകളുടെ അറ്റകുറ്റപ്പണിക്കായി പദ്ധതിയിതര പ്രവൃത്തിയിലുൾപ്പെടുത്തി 240 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന് പുറമേ റോഡുകളുടെ ഇപ്പോഴത്തെ നിലവാരമനുസരിച്ച് വളരെ മോശം, മോശമായവ എന്നിങ്ങനെ തരംതിരിച്ച സംസ്ഥാന പൊതുമരാമത്ത് റോഡുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളും സഞ്ചാരയോഗ്യമാക്കുന്നതിന് പ്രത്യേക വിഹിതമായി 718 കോടകി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഓരോ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും കീഴിലുള്ള സെക്ഷൻ ഓഫീസ് അടിസ്ഥാനമാക്കിയാണ് നിലവിൽ പ്രവൃത്തികൾ ചെയ്തുവരുന്നത്.

(ഡി) അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിലാണ് നടത്തിവരുന്നത്.

(ഇ) ധനകാര്യ വകുപ്പ് അതാത് ശീർഷകങ്ങളിലാണ് ഇതിലേക്കായി തുക അനുവദിക്കുന്നത്. ജില്ലാ അടിസ്ഥാനത്തിലല്ല തുക അനുവദിക്കുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ ആവശ്യമനുസരിച്ചും പ്രവൃത്തികളുടെ പ്രാധാന്യം കണക്കിലെടുത്തുമാണ് തുക അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly